

# മണ്ണ് സംരക്ഷണ പദ്ധതി
# വിലയിരുത്തൽ പഠന സർവെ 2023–24

## ശാസ്താംപൊയ്ക - ഇടയം തെങ്ങറക്കോണം നീർത്തട പദ്ധതി

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
കൊല്ലം
2024

**ആർ. രാധാകൃഷ്ണ പിള്ള**
**ഡെപ്യൂട്ടി ഡയറക്ടർ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
**ജില്ലാ ഓഫീസ്, ജില്ലാ ആസൂത്രണസമിതി**
**മന്ദിരം,കൊല്ലം**
**ഫോൺ നം : 0474 2914925**
**ഇ-മെയിൽ :ecostatklm@gmail.com**

# അവതാരിക

മനുഷ്യന്റെയും പ്രകൃതിയുടെയും നിലനിൽപ്പിന് ആധാരമായ ഏറ്റവും പ്രധാനപ്പെട്ട സ്വാഭാവിക വിഭവങ്ങളാണ് ജലവും മണ്ണും. എന്നാൽ കാലാവസ്ഥാ വ്യതിയാനം, അനിയന്ത്രിതമായ പ്രകൃതി ചൂഷണം, കാർഷിക രീതികളിലുണ്ടായ മാറ്റങ്ങൾ എന്നിവ കാരണം ഇന്ന് കാർഷിക മേഖലയും ജലസ്രോതസ്സുകളും കടുത്ത ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. വേനൽക്കാലത്ത് കടുത്ത കുടിവെള്ളക്ഷാമവും മഴക്കാലത്ത് കടുപ്പമേറിയ മണ്ണൊലിപ്പും വെള്ളപ്പൊക്കവും അനുഭവപ്പെടുന്നത് ഇതിന്റെ വ്യക്തമായ തെളിവാണ്. ഈ പ്രതിസന്ധികൾക്ക് സുസ്ഥിരമായ പരിഹാരം കാണുന്നതിനായി ആവിഷ്കരിച്ച ശാസ്ത്രീയമായ രീതിയാണ് 'നീർത്തട സംരക്ഷണം'

മണ്ണ് സംരക്ഷണ വകുപ്പ് ജില്ലകളിൽ പൂർത്തിയാക്കിയ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനമാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തി വരുന്നത്. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാർഷികവർഷത്തെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തൽ പഠനം നടത്തിവരുന്നത് . പദ്ധതികളുടെ സമ്പൂർണവിവരങ്ങൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽനിന്നും ശേഖരിച്ച് ഫ്രെയിം തയ്യാറാക്കി അതിൽനിന്നും സിമ്പിൾ റാൻഡം സാംപ്ലിങ് വഴി ഒരു പദ്ധതി തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുത്ത പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും ശാസ്ത്രീയമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിയ്ക്കുന്നു.

കൊല്ലം താലൂക്കിലെ നെടുമ്പന ഗ്രാമപഞ്ചായത്തിൽ മീയണ്ണൂർ വാർഡിലും കൊട്ടാരക്കര താലൂക്കിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ വാളകം നോർത്ത് വാർഡിലും ഉൾപ്പെടുത്തിയാണ് ശാസ്താംപൊയ്ക – ഇടയം തെങ്ങറക്കോണം നീർത്തട പദ്ധതി നടപ്പിലാക്കിയത്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2019– 20 സാമ്പത്തിക വർഷകത്തെ പട്ടിക ജാതി ഉന്നതിയിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലാ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി പൂർത്തീകരിച്ചത്.

ഈ പദ്ധതിയുടെ വിലയിരുത്തൽ പഠനത്തിന് ആവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കിയ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജനപ്രതിനിധികൾ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കൊല്ലം ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ, റിപ്പോർട്ട് തയ്യാറാക്കുന്നതിന് മേൽനോട്ടം വഹിച്ച ശ്രീ. വിജയകുമാർ. വി (മുൻ ഡെപ്യൂട്ടി ഡയറക്ടർ), ശ്രീമതി രമ്യ. കെ (മുൻ റിസർച്ച് ഓഫീസർ), ശ്രീ. സുരേഷ്. കെ (റിസർച്ച് ഓഫീസർ), വിവരശേഖരണം നടത്തിയ ശ്രീ. രാകേഷ് ആർ. (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ), ജില്ലാ ഓഫീസിലെ മറ്റ് സഹപ്രവർത്തകർ, എന്നിവർക്ക് ഈ അവസരത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

RRPillai

**ഡെപ്യൂട്ടി ഡയറക്ടർ**

**ഷൈലമ്മ കെ.**
ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരണക്കണക്ക് വകുപ്പ്
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം-695 033
കേരളം
ഫോൺ { ഓഫീസ് : 0471-2305318
മൊബൈൽ : 9447115318
ഇ-മെയിൽ : dgdir.des@kerala.gov.in
: ecostatdir@gmail.com
Website : www.ecostat.kerala.gov.in

തീയതി 03-10-2026

# സന്ദേശം

മണ്ണ് പ്രകൃതിയുടെ അമൂല്യമായ സമ്പത്താണ്. മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിന് മണ്ണ് അത്യന്താപേക്ഷിതമാണ്. ഭക്ഷ്യോൽപ്പാദനത്തിനും കൃഷിയുടെ പുരോഗതിക്കും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ഫലഭൂയിഷ്ഠമായ മണ്ണ് അനിവാര്യമാണ്. എന്നാൽ പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണവും അശാസ്ത്രീയമായ ഭൂവിനിയോഗവും വനനശീകരണവും മണ്ണൊലിപ്പിനും മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുന്നതിനും കാരണമാകുന്നു.

മണ്ണിന്റെ സംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണം ഉറപ്പാക്കുന്നതിനും ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. മഴവെള്ള സംഭരണം, മണ്ണ്-ജല സംരക്ഷണ മാർഗങ്ങൾ, വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മണ്ണിന്റെ ഗുണമേന്മയും ഉൽപ്പാദനക്ഷമതയും നിലനിർത്താൻ നമുക്ക് സാധിക്കും. പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുള്ള വികസന പ്രവർത്തനങ്ങൾ ഭാവി തലമുറയുടെ സുരക്ഷിതമായ ജീവിതത്തിന് വഴിയൊരുക്കും.

മണ്ണുസംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിനും മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണത്തിനായി ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഇത്തരം സംരംഭങ്ങൾ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ഉമ്മന്നൂർ പഞ്ചായത്തിൽ ഇടയം തെങ്ങറക്കോണം പ്രദേശത്തെ പട്ടിക ജാതി ഉന്നതിയിലും കൊല്ലം താലൂക്കിലെ നെടുമ്പന പഞ്ചായത്തിൽ ശാസ്താംപൊയ്ക പട്ടിക ജാതി ഉന്നതിയിലും നടപ്പിലാക്കിയ പദ്ധതിയാണ് ശാസ്താംപൊയ്ക - ഇടയം തെങ്ങറക്കോണം നീർത്തട സംരക്ഷണ പദ്ധതി. 2023-24 ശാസ്താംപൊയ്ക - ഇടയം തെങ്ങറക്കോണം നീർത്തട പദ്ധതി വിലയിരുത്തൽ പഠനം എന്ന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു എന്നത് സ്വാഗതാർഹമാണ്.

ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെയും റിസർച്ച് ഓഫീസറുടെയും മേൽനോട്ടത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ 2023-24 കാർഷിക വർഷത്തിലെ വിവരശേഖരണവും ഡാറ്റാ എൻട്രിയും നടത്തി സർവെ പൂർത്തീകരിച്ചു. സർവെയുടെ പ്രവർത്തനങ്ങളിൽ സഹായം ലഭ്യമാക്കിയ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും, തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈ അവസരത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

DIRECTOR
DIRECTORATE OF ECONOMICS & STATISTICS
THIRUVANANTHAPURAM



# ശാസ്താംപൊയ്ക - ഇടയം തെങ്ങറക്കോണം നീർത്തട പദ്ധതിയുടെ വിലയുരുത്തൽ പഠനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ

### മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും

1. **ശ്രീ.ആർ രാധാകൃഷ്ണ പിള്ള** (ഡെപ്യൂട്ടി ഡയറക്ടർ)
2. **ശ്രീ. സുരേഷ്. കെ.** (റിസർച്ച് ഓഫീസർ)

### ഫീൽഡ്തല വിവരശേഖരണവും ഡാറ്റാ എൻട്രിയും സൂക്ഷ്മ പരിശോധനയും

1. **ശ്രീ. വിജയകുമാർ. വി.** (മുൻ ഡെപ്യൂട്ടി ഡയറക്ടർ)
2. **ശ്രീമതി രമ്യ. കെ.** (മുൻ റിസർച്ച് ഓഫീസർ)
3. **ശ്രീ. രാകേഷ്.ആർ** (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)
4. **ശ്രീമതി. ശ്രീലക്ഷ്മി.എം.** (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)

### ഡാറ്റാ മൂല്യനിർണ്ണയം, റിപ്പോർട്ട് തയ്യാറാക്കൽ

1. **ശ്രീ.ആർ രാധാകൃഷ്ണ പിള്ള** (ഡെപ്യൂട്ടി ഡയറക്ടർ)
2. **ശ്രീ. സുരേഷ്. കെ.** (റിസർച്ച് ഓഫീസർ)
3. **ശ്രീ. രാകേഷ്. ആർ.** (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)
4. **ശ്രീമതി. ശ്രീലക്ഷ്മി.എം.** (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ)

### പേജ് ഡിസൈനിംഗ്

1. **നായർ കാർത്തിക ജയധരൻ** (യു.ഡി.ടൈപ്പിസ്റ്റ്)
2. **കിരൺ സുരേന്ദ്രൻ** (യു.ഡി.ടൈപ്പിസ്റ്റ്)

# Table of Contents


| ക്രമ നമ്പർ | അധ്യായം - 1 | പേജ് |
|---|---|---|
| 1.1 | ആമുഖം | 1 |
| 1.2 | മണ്ണൊലിപ്പ് | 2 |
| 1.3 | മണ്ണ് സംരക്ഷണം | 2 |
| 1.4 | നീർത്തടങ്ങൾ | 2 |
| 1.5 | നീർത്തട സംരക്ഷണം | 3 |
| 1.6 | നീർത്തട പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ | 3 |
| 1.6.1 | മണ്ണ് സംരക്ഷണം | 3 |
| 1.6.2 | ജല സംരക്ഷണം | 5 |
| | അധ്യായം - 2 | |
| 2.1 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് | 7 |
| 2.2 | വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ | 8 |
| 2.3 | നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ | 9 |
| 2.4 | മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ | 12 |
| 2.4.1 | വിലയിരുത്തൽ പഠന രീതി | 12 |
| 2.4.2 | വിലയിരുത്തൽ പഠനം - ലക്ഷ്യങ്ങൾ | 14 |
| | അധ്യായം - 3 | |
| 3.1 | പദ്ധതിയെപ്പറ്റി | 15 |
| 3.2 | നെടുമ്പന , ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലൂടെ - പൊതുവിവരങ്ങൾ | 16 |
| 3.3 | പ്രധാന വസ്തുതകൾ | 17 |
| 3.4 | രൂപരേഖ | 17 |
| 3.5 | ഗുണഭോക്താക്കളുടെ സാമൂഹിക വിഭാഗം | 18 |
| 3.6 | ഗുണഭോക്താക്കളുടെ കൈവശഭൂമി | 18 |
| 3.7 | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാന രീതി | 18 |
| 3.8 | ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ-സ്ട്രാറ്റം തിരിച്ച് | 18 |
| 3.9 | അനുബന്ധ കാർഷിക വരുമാനം | 19 |

# Table of Contents


| | | |
|---|---|---|
| 3.10 | അനുബന്ധ തൊഴിൽ | 19 |
| 3.11 | പദ്ധതി പ്രദേശത്തെ മണ്ണ് സംരക്ഷണ പ്രവർത്തിയുടെ വിവരങ്ങൾ | 19 |
| 3.12 | പദ്ധതി പ്രദേശത്ത് നടന്ന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ചെലവ് | 20 |
| 3.13 | ഭൂവിനിയോഗ രീതി | 20 |
| 3.14 | ജലസേചനസ്ഥിതി | 20 |
| 3.15 | പ്രധാന വിളകൾ | 21 |
| | 3.15.1 ഹ്രസ്വകാലവിളകൾ | 21 |
| | 3.15.2 ദീർഘകാല വിളകൾ | 22 |
| 3.16 | ഉൽപാദനം | 23 |
| 3.17 | പരിപാലനം | 24 |
| 3.18 | മണ്ണിന്റെ ഫലഭൂയിഷ്ഠത | 25 |
| 3.19 | പദ്ധതിയെക്കുറിച്ചുള്ള ഗുണഭോക്താവിന്റെ അഭിപ്രായം | 25 |
| 3.20 | മണ്ണ് സംരക്ഷണപദ്ധതിയെ സംബന്ധിച്ച അവബോധം | 25 |
| 3.21 | കിണറിലെ ജലവിതാനം | 26 |
| 3.22 | നീരൊഴുക്ക് | 26 |
| 3.23 | മണ്ണിടിച്ചിൽ | 27 |
| 3.24 | കൃഷി നാശം | 27 |
| 3.25 | ശുദ്ധജല ക്ഷാമം | 27 |
| 3.26 | പാരിസ്ഥിതിക പ്രശ്നം | 28 |
| 3.27 | പരിപാലനം | 29 |
| 3.28 | മണ്ണിന്റെ ഫലഭൂയിഷ്ഠത | 29 |
| 3.29 | ശാസ്താംപൊയ്ക – ഇടയം തെങ്ങറക്കോണം നീർത്തട പദ്ധതി നേർകാഴ്ചകളിലൂട | 29 |
| | **അധ്യായം - 4** | |
| 4.1 | ഉപസംഹാരം | 31 |
| 4.2 | അനുബന്ധം | |
| | എ നീർത്തട ഭൂപടം - കൊല്ലം ജില്ല | 32 |
| | ബി ചോദ്യാവലി | 33 |



അദ്ധ്യായം 1

# മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേ 2023-24

## 1.1 ആമുഖം

ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ആധാരമായ ഏറ്റവും പ്രധാനപ്പെട്ട പ്രകൃതി വിഭവങ്ങളിൽ ഒന്നാണ് മണ്ണ്. സസ്യങ്ങൾക്ക് ആവശ്യമായ പോഷകങ്ങളും വെള്ളവും നൽകി അവയെ താങ്ങി നിർത്തുന്നതിൽ തുടങ്ങി, മനുഷ്യനടക്കമുള്ള സകല ജീവജാലങ്ങൾക്കും ആഹാരവും അഭയവും ഒരുക്കുന്നതിൽ മണ്ണ് നിർണായക പങ്കുവഹിക്കുന്നു. ആയിരക്കണക്കിന് വർഷങ്ങളിലൂടെ പാറകൾ പൊടിഞ്ഞും ജൈവാവശിഷ്ടങ്ങൾ ജീർണിച്ചുമാണ് ഒരു ഇഞ്ച് കനത്തിലുള്ള മണ്ണ് രൂപപ്പെടുന്നത്. ആയതിനാൽ തന്നെ മണ്ണ് പുനഃസൃഷ്ടിക്കാൻ കഴിയാത്ത ഒരു പ്രതിഭാസവുമാണ്.

മനുഷ്യ ജീവിതത്തിലെന്ന പോലെ തന്നെ കാർഷിക മേഖല, വ്യവസായം എന്നിവയിലും മണ്ണിന്റെ പ്രാധാന്യം വളരെ വലുതാണ്. നമ്മുടെ ഭക്ഷണത്തിന്റെ ഭൂരിഭാഗവും ലഭ്യമാകുന്നത് മണ്ണിൽ നിന്ന് നേരിട്ടോ അല്ലാതെയോ ആണ്. ലോകത്തിലെ 25 ശതമാനത്തിലധികം ജീവജാലങ്ങളുടെ വാസസ്ഥലവും മണ്ണാണ്. കൂടാതെ ജലം ശുദ്ധീകരിക്കാനും സംഭരിക്കാനും മണ്ണ് പ്രധാന പങ്ക് വഹിക്കുന്നു. അന്തരീക്ഷത്തിലെ അധിക കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്ത് മണ്ണിൽ സംഭരിച്ചു നിർത്തുന്നതു വഴി കാലാവസ്ഥാ വ്യതിയാനം കുറയ്ക്കാനും മണ്ണ് ഒരു പ്രധാന ഘടകമായി തുടരുന്നു. അതുപോലെ തന്നെ നിർമാണ ആവശ്യങ്ങൾക്കും വിഭവങ്ങൾക്കും വേണ്ടിയും നാം മണ്ണിനെ ആശ്രയിക്കുന്നു.

## 1.2 മണ്ണൊലിപ്പ്

മഴവെള്ളം, കാറ്റ്, നദികൾ തുടങ്ങിയ സ്വാഭാവിക പ്രകൃതി ശക്തികളാൽ ഭൂമിയുടെ ഉപരിതലത്തിലെ ഫലഭൂയിഷ്ഠമായ മണ്ണിന്റെ പാളി നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയാണ് മണ്ണൊലിപ്പ്. വന നശീകരണം, നിർമ്മാണം, ഖനനം തുടങ്ങി മനുഷ്യൻ ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളും മണ്ണൊലിപ്പിന്റെ പ്രധാന കാരണങ്ങളാണ്. സസ്യങ്ങൾക്ക് ആവശ്യമായ പോഷകങ്ങളും ജൈവവസ്തുക്കളും അടങ്ങിയ ഈ മേൽ മണ്ണ് ഒലിച്ചു പോകുന്നതിലൂടെ സസ്യങ്ങളെ നിലനിർത്താനുള്ള പ്രകൃതിയുടെ ശേഷി കുറയുന്നു.

## 1.3 മണ്ണ് സംരക്ഷണം

നീർത്തടങ്ങൾ സംരക്ഷിക്കുന്നത് വഴി ഒരു നിശ്ചിത പ്രദേശത്തെ പ്രകൃതി, കൃഷി, ജീവജാലങ്ങളുടെ നിലനിൽപ്പ് തുടങ്ങിയ ജൈവ പ്രവർത്തനങ്ങൾക്ക് ജീവൻ നൽകുന്നതോടൊപ്പം മണ്ണ് സംരക്ഷണത്തിന് അടിസ്ഥാന ഘടകമായി മാറുകയും ചെയ്യുന്നു. ആയതിനാൽ ഫലഭൂയിഷ്ഠമായ ഉപരിതല മണ്ണ് ഒലിച്ചുപോകുന്ന പ്രക്രിയ (മണ്ണൊലിപ്പ്) ഒഴിവാക്കി മണ്ണിന്റെ ഗുണനിലവാരം നിലനിർത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഭക്ഷണത്തിന്റെ 95% വും മണ്ണിൽ നിന്നാണ് ലഭിക്കുന്നത്. മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിന്റെ ഫലഭൂയിഷ്ഠത സംരക്ഷിച്ച് ആരോഗ്യകരമായ ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും വിവിധ തരത്തിലുള്ള മണ്ണ് സംരക്ഷണ രീതികൾ സർക്കാർ അവലംബിച്ചിട്ടുണ്ട്. വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുക, തട്ടുകളായുള്ള കൃഷിരീതി അവലംബിക്കുക, കൈയ്യാലകളും തടയണകളും നിർമ്മിക്കുക, മഴക്കുഴികൾ നിർമിക്കുക, ആവരണ വിളകൾ വളർത്തുക, ജൈവവളം ഉപയോഗിക്കുക, വിള പരിവർത്തനം നടത്തുക തുടങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് മണ്ണ് സംരക്ഷണം നടത്താവുന്നതാണ്.

## 1.4 നീർത്തടങ്ങൾ

മഴവെള്ളം മുഴുവൻ ഒന്നായി ഒഴുകിയെത്തി ഒരു പൊതു ജലാശയത്തിലേക്ക് (പുഴ, തോട്, കായൽ, തടാകം) ചെന്നെത്തുന്ന ഭൂമിശാസ്ത്രപരമായ പ്രദേശമാണ് നീർത്തടങ്ങൾ. ഒരു പ്രദേശത്തെ കുന്നുകൾ ചരിവുകൾ, താഴ്‌വരകൾ, തോടുകൾ എന്നിവയെല്ലാം ചേർന്ന സ്വാഭാവികമായ ജലനിർഗ്ഗമന വ്യവസ്ഥയാണിത്.

## 1.5 നീർത്തട സംരക്ഷണം

'നീർത്തട സംരക്ഷണം' എന്നത് ഒരു പ്രത്യേക ഭൂപ്രദേശത്ത് ലഭ്യമാകുന്ന മഴവെള്ളം മണ്ണ് സസ്യജാലങ്ങൾ തുടങ്ങിയവയെ ശാസ്ത്രീയമായി സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്.

നീർത്തടങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രധാന്യം ചുവടെ ചേർക്കുന്നു.

- ✓ മഴവെള്ളത്തെ ഒട്ടും നഷ്ടപ്പെടാതെ മണ്ണിലേയ്ക്ക് തന്നെ ഇറക്കി വിടുന്നതിലൂടെ ഭൂഗർഭജലനിരപ്പ് ഉയർത്താൻ സഹായിക്കുന്നു.
- ✓ മഴവെള്ളം കുത്തിയൊഴുകുന്നത് തടയുന്നതിലൂടെ മേൽമണ്ണ് നഷ്ടമാകുന്നത് ഒഴിവാക്കാം
- ✓ വെള്ളപ്പൊക്കം, വരൾച്ച പോലെയുള്ള പ്രകൃതിദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാൻ നീർത്തടങ്ങൾക്ക് കഴിയും.
- ✓ നീർത്തടങ്ങൾ സ്വാഭാവിക ഫിൽട്ടറുകളായി പ്രവർത്തിക്കുകയും ജലത്തിലെ മാലിന്യങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.
- ✓ മണ്ണൊലിപ്പ് തടയുന്നത് വഴി മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുകയും അതു മുഖേന കൃഷി മെച്ചപ്പെടുകയും ചെയ്യുന്നു.
- ✓ വിവിധതരം സസ്യങ്ങൾക്കും ജന്തുക്കൾക്കും വാസയോഗ്യമായ സാഹചര്യം ഒരുക്കുന്നു.

## 1.6 നീർത്തട പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ

നീർത്തട സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങളെ താഴെ പറയുന്ന വിഭാഗങ്ങളായി തരംതിരിക്കാം

### 1.6.1 മണ്ണ് സംരക്ഷണം

- **കല്ല് കയ്യാലകൾ**

  ധാരാളം കല്ലുകൾ ലഭ്യമായ മലയോര പ്രദേശങ്ങളിൽ കല്ല് കയ്യാലകൾ അനുയോജ്യമാണ്. സിമന്റ് ഉപയോഗിക്കാതെ ഒരു ചരിവിന് കുറുകെ കല്ലുകൾ ഒന്നിനുമീതെ ഒന്നായി അടുക്കിവെച്ചാണ് ഇത് നിർമ്മിക്കുന്നത്.



- **വേദികകൾ/ തട്ടുതിരിക്കൽ**

  വേദികകൾ അഥവാ തട്ടുതിരിക്കൽ എന്നത് വളരെ കുത്തനെയോ മിതമായോ ചരിവുള്ള പ്രദേശങ്ങളിൽ മണ്ണുസംരക്ഷണത്തിനും



കൃഷിക്കുമായി അവലംബിക്കുന്ന ഏറ്റവും ഫലപ്രദമായ എഞ്ചിനീയറിംഗ് രീതിയാണ്. ചരിവുള്ള ഭൂമിയെ പടവുകൾ പോലെ വെട്ടി നിരപ്പാക്കി മാറ്റുന്നതിനെയാണ് തട്ടുതിരിക്കൽ എന്ന് പറയുന്നത്. ഇത് കുത്തനെയുള്ള വെള്ളത്തിന്റെ ഒഴുക്കിനെ പൂർണ്ണമായും തടയുന്നു. `ഇതിനെ ടെറസ് കൃഷി എന്നും പറയാറുണ്ട്.

- **കോണ്ടൂർ ട്രഞ്ചുകൾ**

കോണ്ടൂർ ട്രഞ്ചുകൾ (Contour Trenches) എന്നത് ചരിവുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയാനും ഭൂഗർഭജലനിരപ്പ് ഉയർത്താനും ഉപയോഗിക്കുന്ന ഏറ്റവും ലളിതവും ഫലപ്രദവുമായ ഒരു നീർത്തട സംരക്ഷണ രീതിയാണ്. ഇത് കൊണ്ടൂർ രേഖകളെ അടിസ്ഥാനമാക്കിയുമാണ് നടപ്പിലാക്കുന്നത്. കോണ്ടൂർ രേഖകൾ എന്നാൽ ഒരേ ഉയരത്തിലുള്ള സ്ഥല ങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാങ്കൽപ്പിക രേഖകളാണ്. ഭൂമിയുടെ ഉയര വ്യത്യാസ മില്ലാത്ത സമതല രേഖകൾക്ക് (Contour Lines) സമാന്ത രമായി, ചരിവിന് കുറുകെ യെടുക്കുന്ന കിടങ്ങുകളെ യാണ് കോണ്ടൂർ ട്രഞ്ചുകൾ എന്ന് വിളിക്കുന്നത്.



അതിനാൽ, കോണ്ടൂർ ട്രഞ്ചുകൾ ഭൂപ്രകൃതിയുടെ സ്വാഭാവിക രൂപത്തെ പിന്തുടർന്ന് ചരിവിന് കുറുകെയാണ് നിർമ്മിക്കുന്നത്.

- **വൃക്ഷത്തടങ്ങൾ**

വൃക്ഷങ്ങൾക്ക് ചുറ്റും തടമെടുത്ത് വെള്ളം കെട്ടിനിർത്തി മണ്ണിലേക്ക് കിനിഞ്ഞിറങ്ങാൻ സൗകര്യമൊരു ക്കുന്നതിന് വേണ്ടി വൃത്താകൃതിയിലോ ചതുരാകൃതിയിലോ നിർമിക്കുന്ന



ചെറിയ വരമ്പുകളെയാണ് വൃക്ഷത്തടങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

❖ **മൺതിടിലുകൾ**



ഭൂമിയുടെ ചരിവിനു കുറുകെയുണ്ടാക്കുന്ന മൺതിട്ടകൾ മണ്ണൊലിപ്പ് തടയുകയും ഈർപ്പം നിലനിർത്തുകയും ചെയ്യുന്നു. ഇവ സാധാരണയായി കൃഷിയിടങ്ങളിലും തരിശുഭൂമികളിലും മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനും വേണ്ടിയാണ് നിർമ്മിക്കുന്നത്. നീർത്തട പരിപാലനത്തിലെ ഒരു പ്രധാന ഘടകമാണിത്.

❖ **പുൽവരമ്പുകൾ**



തിട്ടകളുടെയും ചരിവുകളുടെയും സംരക്ഷണത്തിനായി ശക്തമായ വേരുപടലമുള്ള പുല്ലുകൾ വെച്ച് പിടപ്പിച്ച് വരുന്നു. പുല്ലുകളുടെ വേരുപടലത്തിന്റെ ശക്തി പ്രയോജനപ്പെടുത്തി മണ്ണിനെ സംരക്ഷിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. നീർത്തട പരിപാലനത്തിൽ വളരെ ലളിതവും എന്നാൽ ചെലവ് കുറഞ്ഞ ഒരു മാർഗ്ഗവുമാണിത്.

## 1.6.2 ജലസംരക്ഷണം

ജീവന്റെ നിലനിൽപ്പിന് മണ്ണ് പോലെ തന്നെ ജലവും അത്യന്താപേക്ഷിതമാണ്. മണ്ണും ജലവും പരസ്പര പൂരകങ്ങളുമാണ്. മണ്ണ് സംരക്ഷിച്ചാൽ മാത്രമേ ജലവും സംരക്ഷിക്കപ്പെടുകയുള്ളൂ എന്നർത്ഥം. ഇനി വരുന്ന തലമുറയ്ക്കായി ജലം സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യമാണ്. ജല സംരക്ഷണത്തിന്റെ ഭാഗമായി അനേകം പ്രവർത്തനങ്ങൾ നിലവിലുണ്ട്. അവ ചുവടെ ചേർക്കുന്നു.

❖ **മഴക്കുഴികൾ**



മഴവെള്ളം നേരിട്ട് മണ്ണിലേക്ക് ഊർന്നിറങ്ങാൻ സഹായിക്കുന്നതിന് ചരിവുള്ള പ്രദേശങ്ങളിലും പുരയിടങ്ങളിലും നിർമ്മിക്കുന്ന

ചെറിയ കുഴികളാണ് മഴക്കുഴികൾ. മഴവെള്ള സംഭരണത്തിനും ഭൂഗർഭജല റീചാർജിംഗിനും മണ്ണൊലിപ്പ് തടയുന്നതിനും ഇത് വളരെ ഫലപ്രദമായ ഒരു മാർഗ്ഗമാണ്.

- **മഴവെള്ള സംഭരണം:** മഴവെള്ളം കിണറുകളിലേക്ക് റീചാർജ് ചെയ്യുക, മഴക്കുഴികൾ നിർമ്മിക്കുക, കുളങ്ങളും ചിറകളും പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ മഴവെള്ളം പരമാവധി സംഭരിക്കുകയും ഭൂഗർഭജലവിതാനം ഉയർത്തുകയും ചെയ്യാം.



- **ജലസേചന കാര്യക്ഷമത:** ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിങ്ക്ലർ ഇറിഗേഷൻ പോലുള്ള ആധുനിക ജലസേചന രീതികൾ ഉപയോഗിച്ച് ജലം പാഴാക്കുന്നത് തടയാം.
- **നീർച്ചാലുകളുടെ സംരക്ഷണം:** നീർച്ചാലുകളിലെ തടസ്സങ്ങൾ നീക്കി ഒഴുക്ക് സുഗമമാക്കുകയും നീർച്ചാലുകളുടെ വശങ്ങൾ ബലപ്പെടുത്തി മണ്ണൊലിപ്പ് തടയുകയും ചെയ്യാം.



- **ജലസ്രോതസ്സുകളുടെ ശുദ്ധീകരണം:** കിണറുകൾ, കുളങ്ങൾ, നദികൾ എന്നിവ ശുദ്ധീകരിച്ച് സംരക്ഷിക്കുന്നത് ജലത്തിന്റെ ഗുണമേന്മ നിലനിർത്താൻ സഹായിക്കും.



- **ചെറു കുളങ്ങൾ:** പുരയിടത്തിൽ നിന്നും വെള്ളം ഒഴുകി പോകുന്ന സ്ഥലങ്ങളിൽ മഴക്കാലത്തിനു മുമ്പായി ചെറു കുളങ്ങൾ നിർമ്മിച്ചു ജലവും അതിനൊപ്പം ഒഴുകിപോകുന്ന മണ്ണും തടഞ്ഞു നിർത്താം.







# അദ്ധ്യായം 2

# മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

## 2.1 മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവത്രയങ്ങളുടെ സംരക്ഷണത്തിന്റെയും അതുപോലെ ശാസ്ത്രീയമായ വിവര ശേഖരണത്തിന്റേയും അടിസ്ഥാനത്തിൽ അവയുടെ പരിപാലനവും വികസനവും ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുന്ന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് 1963 ൽ ഒരു സ്വതന്ത്ര വകുപ്പായി രൂപം കൊണ്ടതാണ്. വകുപ്പിനുകീഴിൽ മണ്ണ് സംരക്ഷണം, മണ്ണ് പര്യവേക്ഷണം എന്നീ രണ്ട് വിഭാഗങ്ങളിലായി വിവിധ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൽസ്ഥല ജലപരിപാലനത്തിന് ഊന്നൽ നൽകികൊണ്ടുള്ള പരിസ്ഥിതി സൗഹാർദ്ദപരവും ചെലവുകുറഞ്ഞതുമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾവഴി ഭൂഗർഭജലവിതാനം പരിപോഷിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് വകുപ്പ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

സംസ്ഥാനത്ത് മണ്ണ് ജല സംരക്ഷണവും പരിപാലനവും നടപ്പിലാക്കുവാൻ വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. സമഗ്രമായ മണ്ണ് പര്യവേക്ഷണ പഠനങ്ങൾ വഴി മണ്ണിനങ്ങൾ സംബന്ധിച്ച് വിശദമായ ഡാറ്റ ബേസ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സുസ്ഥിരമായ വികസന കാഴ്ചപ്പാടോടെ ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ വകുപ്പ് ആസൂത്രണം ചെയ്യുന്നു.

കാർഷിക ഉന്നമനവും സൗഹാർദ്ദപരമായ പരിസ്ഥിതിയും സമൃദ്ധമായ ജലസമ്പത്തും എന്ന ലക്ഷ്യത്തോടെ വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

## 2.2 വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

- ✓ ഭൂവിഭവ സംരക്ഷണം ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടെയുള്ള നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെ മേൽനോട്ടവും നടത്തിപ്പും.
- ✓ ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സംസ്ഥാനമൊട്ടാകെയുള്ള മണ്ണ്, ഭൂവിഭവങ്ങളുടെ വിവരശേഖരണവും വിജ്ഞാന വ്യാപനവും.
- ✓ ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭൂവിനിയോഗ നിർണ്ണയം .
- ✓ മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ചും മനുഷ്യന് മണ്ണ് നൽകുന്ന സേവനങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുക. വിശദ മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനുതകുന്ന ഭുവിജ്ഞാന വിവര ശേഖരണവും വ്യാപനവും.
- ✓ ഓരോ പ്രദേശത്തിന്റെയും സമഗ്രവികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉതകുന്ന അടിസ്ഥാന രേഖയായ പഞ്ചായത്തുതല വിശദ മണ്ണ് ഭൂവിഭവ റിപ്പോർട്ടുകളുടേയും ഭൂപടങ്ങളുടേയും പ്രസിദ്ധീകരണം.
- ✓ ഫലഭൂയിഷ്ഠമായ മേൽമണ്ണ് സംരക്ഷണത്തിലൂടെയുള്ള കാർഷിക ഉൽപാദന വർദ്ധനവ്. തൽസ്ഥല ജലസംരക്ഷണത്തിലൂടെ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുക.
- ✓ മണ്ണ് ജല സംരക്ഷണത്തിലൂടെയുള്ള കാർഷിക ഉൽപാദന വർദ്ധനവ്.
- ✓ മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള/ ഉണ്ടായ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ.

## 2.3 നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ മണ്ണ് സംരക്ഷണ വകുപ്പ് നീർച്ചാലുകളുമായി ബന്ധപ്പെട്ട് നിരവധി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ മണ്ണൊലിപ്പ് തടയുക, ജലലഭ്യത ഉറപ്പാക്കുക, വെള്ളപ്പൊക്കം നിയന്ത്രിക്കുക, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുക, പരിസ്ഥിതിയെ പുനരുജ്ജീവിപ്പിക്കുക എന്നിവയാണ്.

നീർച്ചാലിലെ സംരക്ഷണത്തിനായി മണ്ണ് സംരക്ഷണ വകുപ്പ് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

- **തടയണകൾ(ചെക്ക്ഡാം)**

  നീരൊഴുക്കിനെതിരെ തുടർച്ചയായി തടസ്സങ്ങൾ സൃഷ്ടിച്ച് ജലപ്രവാഹത്തിന്റെ ശക്തി കുറയ്ക്കുക എന്നതാണ് തടയണകളുടെ ഉദ്ദേശ്യം. ഭൂമിയുടെ ചരിവ്, മഴയുടെ തോത്, തോടിന്റെ വീതി തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ച് നീരൊഴുക്കിന്റെ തോത് മനസിലാക്കുകയും അനുയോജ്യമായ ചെക്ക്ഡാം നിർമ്മിക്കുകയും ചെയ്യുന്നു.

- **ജൈവതടയണകൾ**

  നീർച്ചാലുകളുടെ ആരംഭത്തോടടുത്തുള്ള ഭാഗങ്ങളിൽ ഇത്തരം തടയണകൾ ഫലപ്രദമാണ്. പുൽവർഗങ്ങൾ, രാമച്ചം, ഔഷധസസ്യങ്ങൾ, പച്ചിലവളങ്ങൾ തുടങ്ങിയ ചെടികൾ ചാലിനു കുറുകെ വച്ചുപിടിപ്പിച്ച് ഒഴുകിവരുന്ന മണ്ണിനെ തടഞ്ഞു നിർത്താം.

- **ബ്രഷ് വുഡ് തടയണകൾ**

  നീരൊഴുക്ക് ശക്തിയാർജ്ജിക്കുന്ന ഇടങ്ങളിൽ ഇത്തരം തടയണകൾ നിർമ്മിക്കാം. ചാലിനു കുറുകെ നിരകളായി തളിർക്കുന്ന മരക്കുറ്റികൾ നടുകയും അവയ്ക്കിടയിൽ ചുള്ളികമ്പുകൾ, മരച്ചില്ലകൾ, വള്ളിപ്പടർപ്പ് തുടങ്ങിയവ കെട്ടി ബലപ്പെടുത്തിയുമാണ് ബ്രഷ് വുഡ് തടയണകൾ ഉണ്ടാക്കുന്നത്. മരക്കുറ്റികൾ ക്രമേണ തളിർത്ത് തടയണകൾ ബലപ്പെടുകയും, നീരൊഴുക്കിന്റെ വേഗതകുറച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു.

- **ലോഗ് വുഡ് / പാഴ്ത്തടി തടയണകൾ**

  തോടുകളിൽ നീരൊഴുക്കിനു കുറുകെ മരത്തടികൾ കെട്ടിയുറപ്പിച്ചു നിർമ്മിക്കുന്ന തടയണകളാണിത്. ഇവ ഒഴുകിവരുന്ന മണ്ണിനെ തടഞ്ഞുവയ്ക്കുകയും നീരൊഴുക്കിന്റെ വേഗത കുറയ്ക്കുകയും ചെയ്യുന്നു.

- **ഗ്യബിയൻ ചെക്ക്ഡാം**

നിശ്ചിത കട്ടിയുള്ള വേലിക്കമ്പി കൊണ്ട് തയ്യാറാക്കിയ ബോക്സുകൾക്കുള്ളിൽ കല്ലുകൾ നിറച്ച് നിർമിക്കുന്ന തടയണകളാണിവ. കമ്പികൾ ഉപയോഗിക്കുന്നതിനാൽ പാറകൾ ഇളകാതിരിക്കുകയും, ദീർഘകാലം നിലനിൽക്കുകയും ചെയ്യും.

- **കല്ല്, കോൺക്രീറ്റ് തടയണ**

നീരൊഴുക്കിന്റെ തോതും തോടുകളുടെ വീതിയും കൂടുതലുള്ളിടങ്ങളിൽ കാട്ടുകല്ല്, കരിങ്കല്ല്, സിമന്റ് തുടങ്ങിയവ ഉപയോഗിച്ചു തടയണകൾ നിർമ്മിക്കാം.

- **പാർശ്വഭിത്തികൾ**

നീർച്ചാലുകളുടെയും അരുവികളുടെയും അരിക് ഇടിഞ്ഞ് വീണ് നാശോന്മുഖമാകുന്നത് തടയാനാണ് ചാലുകളുടെ പാർശ്വങ്ങളിൽ ഭിത്തി നിർമ്മിക്കുന്നത്. കരയിടിച്ചിൽ തടയാനും, കൃഷിസ്ഥലങ്ങളിൽ മണ്ണടിയുന്നത് തടയാനും പാർശ്വഭിത്തികൾ സഹായിക്കുന്നു.

- **സസ്യങ്ങൾ കൊണ്ടുള്ള സംരക്ഷണം**

നീർച്ചാലുകളുടെ പാർശ്വങ്ങളിൽ കൈത, രാമച്ചം, ഈറ്റ, മുള തുടങ്ങിയ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് പാർശ്വങ്ങൾ ഇടിയുന്നത് നിയന്ത്രിക്കാം. ചെലവു കുറഞ്ഞതും ഫലപ്രദവുമായ മാർഗ്ഗമാണിത്.

- **കയർ ഭൂവസ്ത്രം**

തികച്ചും പ്രകൃതി സൗഹാർദ്ദ രീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും തോടുകളുടെ പാർശ്വങ്ങൾ സംരക്ഷിക്കാം. മീതെ പുൽവർഗങ്ങൾ വച്ചു പിടിപ്പിച്ച് ബലപ്പെടുത്താവുന്നതാണ്.

- **കല്ലു കൊണ്ടുള്ള പാർശ്വഭിത്തി**

നീരൊഴുക്കിന്റെ തോതും കല്ലിന്റെ ലഭ്യതയും അനുസരിച്ച് കാട്ടുകല്ല്, കരിങ്കല്ല്, സിമന്റ് തുടങ്ങിയവ ഉപയോഗിച്ച് തോടുകളുടെ പാർശ്വഭിത്തി നിർമ്മിക്കാം.

- **നീരുറവകളുടെ സംരക്ഷണം**

പ്രകൃതിയിലുള്ള നീരുറവകളെ കാർഷിക പ്രവൃത്തികളോ നിർമ്മാണ പ്രവർത്തനങ്ങളോ മൂലം നശിച്ചു പോകാതെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

## ❖ മഴവെള്ള സംഭരണം

പൊതുവേ മഴലഭ്യത കൂടുതലുള്ള നമ്മുടെ സംസ്ഥാനത്ത് മഴവെള്ളസംഭരണത്തിനു സാധ്യതകൾ കൂടുതലാണ്. നിലവിലുള്ള ജലസ്രോതസ്സുകളെ ആശ്രയിക്കാതെ തന്നെ നിത്യോപയോഗത്തിനുള്ള വെള്ളം ഈ രീതിയിൽ സംഭരിക്കാം.

## ❖ ഫെറോസിമെന്റ് സംഭരണി

മേൽക്കൂരയിൽ നിന്നും ഒഴുകി വരുന്ന വെള്ളത്തെ പി.വി.സി. പാത്തികളിലൂടെ ടാങ്കുകളിൽ ശേഖരിച്ച് നേരിട്ട് ഉപയോഗിക്കുന്ന ലളിതമായ രീതിയാണിത്. **15000** ലിറ്റർ സംഭരണശേഷിയുള്ള ഒരു ഫെറോസിമന്റ് ടാങ്ക് നിർമ്മിച്ചാൽ 4 പേരടങ്ങുന്ന കുടുംബത്തിന് 4 മാസം വരെ പാചകേതര ആവശ്യങ്ങൾക്കുള്ള വെള്ളം **1000** ചതുരശ്ര അടിമേൽക്കൂര വിസ്തീർണ്ണത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്.

## ❖ ജലസംഭരണികൾ

ഉപരിതലപ്രവാഹം ശേഖരിക്കാനുതകുന്ന കുളങ്ങൾ ഭൂഗർഭജലവിതാനം ഉയർത്തുന്നതിന് അനിവാര്യമാണ്. കൃഷിയാവശ്യത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി കുളങ്ങളുടെ പുനരുദ്ധാരണവും പുതിയ ജലശ്രോതസ്സുകളുടെ വികസനവും ആവശ്യമാണ്. ഇതുവഴി ഭൂജലസ്രോതസ്സിന്മേലുള്ള ആശ്രയത്വം കുറയുകയും വേനൽക്കാലത്ത് കൂടുതൽ ജലം ലഭ്യമാകുകയും ചെയ്യും.

## ❖ കിണർ റീചാർജ്ജിംങ്

മഴയുള്ള സമയത്ത് മേൽക്കൂരയിൽ നിന്നും മഴവെള്ളം പാത്തികളിൽ കൂടി ശേഖരിച്ച് കിണറിന് മുകൾവശത്തായി എടുത്ത കുഴികളിലേയ്ക്കോ, അല്ലെങ്കിൽ ഫിൽറ്റർ വഴി നേരിട്ടു കിണറിലേയ്ക്കോ ഇറക്കുന്ന രീതിയാണ് ഇത്. വേനൽക്കാലത്ത് ജലലഭ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം കിണറ്റിലേക്കുള്ള ഉറവകൾ ശക്തിപ്പെടുത്തുവാനും ഈ മാർഗ്ഗം സഹായിക്കും. ഉപയോഗശൂന്യമായ കിണറുകളും കുഴൽക്കിണറുകളും ഇപ്രകാരം മഴവെള്ളം ഭൂജലത്തിലേക്ക് എത്തിക്കാൻ ഉപയോഗിക്കാവുന്നതാണ്. കാലക്രമേണ ഇവയിലും ഉറവകൾ എത്തി തുടങ്ങും.

# 2.4 മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ

മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം 1973 മുതൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തി വരുന്നു. ഒരു മണ്ണ് സംരക്ഷണ പദ്ധതിയുടെ വിലയിരുത്തൽ എന്നത് ആ പദ്ധതിയുടെ ഫലപ്രാപ്തി, കാര്യക്ഷമത, പ്രസക്തി, സുസ്ഥിരത എന്നിവയെക്കുറിച്ചുള്ള ഒരു സമഗ്രമായ പഠനമാണ്.

മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തുന്നതിന് വിവിധ രീതികളും സാങ്കേതിക വിദ്യകളും ഉപയോഗിക്കാം. ഉദാഹരണത്തിന്, ഭൂമിയിലെ മണ്ണൊലിപ്പ് അളക്കുന്നതിനും മണ്ണിന്റെ ഗുണമേന്മ വിലയിരുത്തുന്നതിനും വിദൂര സംവേദനം, ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാം. അതുപോലെ, ഗുണഭോക്താക്കളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിന് സർവെകളും അഭിമുഖങ്ങളും നടത്താം.

മണ്ണ് സംരക്ഷണ പദ്ധതിയുടെ വിജയകരമായ വിലയിരുത്തൽ ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും വളരെ പ്രധാനമാണ്. ഇത് പദ്ധതിയുടെ പോരായ്മകൾ തിരിച്ചറിയാനും കൂടുതൽ ഫലപ്രദമായ രീതികൾ അവലംബിക്കാനും സഹായിക്കും.

## 2.4.1 വിലയിരുത്തൽ പഠന രീതി

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് വിവിധ പഠന രീതികളും സൂചകങ്ങളും ഉപയോഗിക്കാറുണ്ട്. നടപ്പിലാക്കിയ പദ്ധതികൾ എത്രത്തോളം വിജയകരമാണെന്ന് മനസ്സിലാക്കാനും ഭാവിയിലെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും സഹായിക്കുന്നു.

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ജില്ലകളിൽ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം നടത്തിവരുന്നത് കാർഷിക വർഷത്തെ (ജൂലൈ 1 മുതൽ ജൂൺ 30 വരെ) അടിസ്ഥാനമാക്കിയാണ്. പദ്ധതികളുടെ സമ്പൂർണ വിവരങ്ങൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽ നിന്നും ശേഖരിച്ച് പദ്ധതികളുടെ ഫ്രെയിം തയ്യാറാക്കി അതിൽ നിന്നും സിമ്പിൾ റാൻഡം സാംപ്ലിങ് വഴി ഒരു പദ്ധതി തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുത്ത പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും ശാസ്ത്രീയമായി തയാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിയ്ക്കുന്നു. തെരഞ്ഞെടുത്ത

പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം 100 ൽ താഴെയാണെങ്കിൽ, രണ്ടു പദ്ധതികൾ തെരഞ്ഞെടുത്ത് എല്ലാ ഗുണഭോക്താക്കളെയും സർവെയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നു.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ വാട്ടർ ഷെഡ്, ഡ്രെയിനേജ് & ഫ്ലഡ് പ്രൊട്ടക്ഷൻ പദ്ധതി എന്നിവയിൽ നിന്നും 2020-21 ൽ പൂർത്തീകരിച്ച പദ്ധതികളാണ് 2023-24 വർഷത്തെ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. തിരഞ്ഞെടുത്ത പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും പദ്ധതിക്ക് മുൻപ് 2019-20 കാർഷിക വർഷത്തെ വിവരങ്ങളും പദ്ധതി നടപ്പിൽ വരുത്തിയതിനു ശേഷം 2023-24 കാർഷിക വർഷത്തെ വിവരങ്ങളുമാണ് ശേഖരിച്ചിട്ടുള്ളത്.

കൈവശഭൂമിയുടെ (ലാൻഡ് ഹോൾഡിങ്ങ്) വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെ 4 സ്ട്രാറ്റങ്ങളായി വിഭജിക്കുന്നു. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ നൽകിയിട്ടുണ്ട്.

**പട്ടിക 2.1 : കൈവശഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സ്ട്രാറ്റം തിരിച്ച്**

| സ്ട്രാറ്റം | ഭൂവിസ്തൃതി (ഏക്കറിൽ) | ഭൂവിസ്തൃതി (സെന്റിൽ) |
|---|---|---|
| I | 1 ഏക്കറിൽ താഴെ | 1 - 99 സെന്റ് വരെ |
| II | 1 മുതൽ 3 ഏക്കറിൽ താഴെ | 100 - 299 സെന്റ് വരെ |
| III | 3 മുതൽ 5 ഏക്കറിൽ താഴെ | 300 - 499 സെന്റ് വരെ |
| IV | 5 ഏക്കറിനും അതിനു മുകളിലും | 500 സെന്റിനു മുകളിൽ |

ഗുണഭോക്താക്കളുടെ സാമൂഹികവിഭാഗം (പട്ടിക ജാതി, പട്ടിക വർഗ്ഗം, മറ്റുള്ളവർ), സാമൂഹികാവസ്ഥ (APL, BPL), തൊഴിൽ എന്നിങ്ങനെ തരംതിരിച്ച് വിവരങ്ങൾ ശേഖരിയ്ക്കുന്നു. ജില്ലാതല സൂപ്പർവൈസറി ഓഫീസറുടെ മേൽനോട്ടത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ വിവര ശേഖരണം നടത്തുന്നു. പദ്ധതി നടപ്പാക്കിയതിലൂടെ പദ്ധതി പ്രദേശത്ത്, കാർഷിക മേഖലയിലും ഭൂഗർഭ ജലവിതാനത്തിലും മണ്ണ് സംരക്ഷണത്തിലും ഉണ്ടായ മാറ്റം വിവര ശേഖരണത്തിലൂടെ വിലയിരുത്തുന്നു.

## 2.4.2 വിലയിരുത്തലിൽ പഠനം - ലക്ഷ്യങ്ങൾ

- ✓ പദ്ധതിക്ക് മുൻപും ശേഷവുമുള്ള ഭൂവിനിയോഗത്തിന്റെ വിശദാംശങ്ങൾ വിലയിരുത്തുക.
- ✓ ദീർഘകാല വിളകളുടെയും കാലിക വിളകളുടെയും വിസ്തൃതി വിലയിരുത്തുക.
- ✓ ദീർഘകാല വിളകളിൽ നിന്നും കാലിക വിളകളിൽ നിന്നും ലഭിക്കുന്ന ഉൽപ്പാദനം, മൂല്യം ഇവ വിലയിരുത്തുക.
- ✓ കാർഷിക മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനം, ചെലവ്, അറ്റാദായം ഇവ വിലയിരുത്തുക.
- ✓ ഏപ്രിൽ, മെയ് മാസങ്ങളിൽ കിണറിലെ ജലനിരപ്പിൽ വന്നിട്ടുള്ള വ്യതിയാനം വിശകലനം ചെയ്യുക.
- ✓ പദ്ധതി നടപ്പിലാക്കുന്നതിൽ വാട്ടർഷെഡ് കമ്മിറ്റിയുടെ പങ്കാളിത്തവും കാര്യക്ഷമതയും വിശകലനം ചെയ്യുക.
- ✓ പദ്ധതിയുടെ സുസ്ഥിരത വിലയിരുത്തുക.
- ✓ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ കർഷകർക്കും പൊതുജനങ്ങൾക്കും ലഭിച്ച പ്രയോജനങ്ങൾ, പ്രത്യേകിച്ച് കാർഷിക ഉൽപാദനത്തിൽ ഉണ്ടായ വർദ്ധനവ്, വരൾച്ചയുടെ തീവ്രതയിലെ കുറവ് എന്നിവ വിലയിരുത്തുക.
- ✓ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ അധികമായി കൃഷിയിലേക്ക് കൊണ്ടുവന്ന ഭൂമിയുടെ അളവ് കണക്കാക്കുക.
- ✓ മണ്ണ് സംരക്ഷണ പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക.






2019-20 സാമ്പത്തിക വർഷകത്തെ പട്ടിക ജാതി ഉന്നതികളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലാ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി പൂർത്തികരിച്ചത്.

## 3.1 പദ്ധതിയെപ്പറ്റി

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ഉമ്മന്നൂർ പഞ്ചായത്തിൽ ഇടയം തെങ്ങറ ക്കോണം പ്രദേശത്തെ പട്ടിക ജാതി ഉന്നതിയിലും കൊല്ലം താലൂക്കിലെ നെടുമ്പന പഞ്ചായത്തിൽ ശാസ്താംപൊയ്ക പട്ടിക ജാതി ഉന്നതിയിലും നടപ്പിലാക്കിയ പദ്ധതിയാണ് ശാസ്താംപൊയ്ക - ഇടയം തെങ്ങറക്കോണം നീർത്തട സംരക്ഷണ പദ്ധതി. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ രണ്ട് പഞ്ചായ ത്തുകളിലായി ആകെ 6 ഹെക്ടർ പ്രദേശത്താണ് പദ്ധതി നിർവഹണം നടത്തിയത്. ചരിവ് കൂടിയ പ്രദേശമായതിനാൽ മഴക്കാലത്ത് മണ്ണൊലിപ്പിന്റെ തീവ്രത വളരെ കൂടുതലായിരുന്നു. അതിനാൽ ഈ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനം നടത്തിയത് കാര്യക്ഷ മമായിരുന്നു. ഗുണഭോക്താക്കൾക്ക്

പുറമേ മറ്റു പ്രദേശവാസികൾക്കും ഈ പദ്ധതിയുടെ ഗുണഫലമുണ്ടായി.

ഗുണഭോക്താക്കളുടെയും പ്രദേശവാസികളുടെയും കാർഷിക ഉൽപാദനം വർദ്ധിപ്പിക്കാനും വ്യവസായിക പുരോഗതി ഉയർത്താനും പദ്ധതി ഫലം ചെയ്തു. പദ്ധതി നടപ്പിലാക്കിയതു വഴി നീർത്തട പ്രദേശത്തെ ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിച്ചതായും പ്രദേശത്തെ കിണറുകളിൽ ജലത്തിന്റെ അളവ് കൂടിയതായും പ്രദേശവാസികൾ അഭിപ്രായപ്പെട്ടു.

## 3.2 നെടുമ്പന , ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലൂടെ - പൊതുവിവരങ്ങൾ

**പട്ടിക 3.1 : വെളിയം, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്- പൊതുവിവരങ്ങൾ**

| ഗ്രാമ പഞ്ചായത്ത് | : | നെടുമ്പന | ഉമ്മന്നൂർ |
|---|---|---|---|
| വില്ലേജ് | : | നെടുമ്പന | ഉമ്മന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മുഖത്തല | വെട്ടിക്കവല |
| താലൂക്ക് | : | കൊല്ലം | കൊട്ടാരക്കര |
| നിയമസഭാ മണ്ഡലം | : | കുണ്ടറ | കൊട്ടാരക്കര |
| പാർലമെന്റ് മണ്ഡലം | : | കൊല്ലം | മാവേലിക്കര |
| വിസ്തീർണ്ണം | : | 28.06 | 18.42 |
| അക്ഷാംശം | : | $8.91^{0}$ N | $8.95^{0}$ N |
| രേഖാംശം | : | $76.69^{0}$ E | $76.78^{0}$ E |
| വാർഡുകളുടെ എണ്ണം | : | 23 | 20 |
| ജനസംഖ്യ | : | 47488 | 17406 |
| പുരുഷൻമാർ | : | 23224 | 8436 |
| സ്ത്രീകൾ | : | 24268 | 8970 |
| പട്ടികജാതി വിഭാഗം | : | 5770 | 2486 |
| പട്ടിക വർഗ്ഗ വിഭാഗം | : | 38 | 115 |
| സാക്ഷരത | : | 93.2% | 89% |
| പുരുഷൻമാർ | : | 95.9% | 97.16% |
| സ്ത്രീകൾ | : | 90.8% | 94.09% |

## 3.3 പ്രധാന വസ്തുതകൾ

ശാസ്താംപൊയ്ക ഇടയം – തെങ്ങറക്കോണം നീർത്തട പദ്ധതിയുടെ വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.

നെടുമ്പന പഞ്ചായത്തിലെ മിയ്യണ്ണൂർ വാർഡിലെ ശാസ്താംപൊയ്കയിലും ഉമ്മന്നൂർ പഞ്ചായത്തിലെ വാളകം നോർത്ത് വാർഡിലെ ഇടയം – തെങ്ങറക്കോണം ഭാഗത്തും ആരംഭിച്ച മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, 2020 ൽ തുടങ്ങി 2021 ൽ പദ്ധതി പൂർത്തികരിച്ചു. നിർദ്ധരരായ പട്ടികജാതി കുടുംബങ്ങൾക്ക് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തു നൽകിയത് വളരെ പ്രയോജനകരമായിരുന്നു എന്ന് കണ്ടെത്തി.

ചരിവ് കൂടിയ പ്രദേശമായതിനാൽ പദ്ധതി പ്രദേശത്ത് പ്രധാനമായും ചെയ്ത സംരക്ഷണ ഭിത്തികൾ മണ്ണൊലിപ്പ് നിയന്ത്രിക്കുകയും ഭൂമിയിൽ ജലത്തിനെ നിലനിർത്തി ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിക്കാനും പദ്ധതി നിർവഹണം കാരണമായിട്ടുണ്ട്.

ഇതിനെല്ലാം പുറമേ പ്രദേശത്തെ കാർഷിക ഉൽപാദനം മെച്ചപ്പെടുത്താനും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ വഴി സാധിച്ചു.

## 3.4 രൂപരേഖ

**പട്ടിക 3.2 : പദ്ധതിയുടെ രൂപരേഖ**

| ജില്ല | : | കൊല്ലം |
|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | : | നെടുമ്പന, ഉമ്മന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മുഖത്തല, വെട്ടിക്കവല |
| വില്ലേജ് | : | നെടുമ്പന, വാളകം |
| പദ്ധതി അടങ്കൽ തുക | : | 1362000 (ശാസ്താം പൊയ്ക |
| | | 1007363 ഇടയം – തെങ്ങറക്കോണം |
| പദ്ധതി നടപ്പിലാക്കിയ സ്കീം | : | ജില്ലാ പഞ്ചായത്ത് പദ്ധതി |
| പ്രധാന പ്രവർത്തനങ്ങൾ | : | പാർശ്വഭിത്തി, കോണ്ടൂർ ബണ്ടിംഗ് |

## 3.5 ഗുണഭോക്താക്കളുടെ സാമൂഹിക വിഭാഗം

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം ഗുണഭോക്താക്കളും, ആയത് ആകയുള്ള 17 ഗുണഭോക്താക്കളിൽ 16 പേരും ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവരാണ്. അത് കൂടാതെ എല്ലാ ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽപെടുന്നു. കൂടാതെ, എല്ലാ ഗുണഭോക്താക്കളും പദ്ധതി പ്രദേശത്ത് തന്നെയാണ് താമസം.

പട്ടിക 3.3 : ഗുണഭോക്താക്കളുടെ സാമൂഹിക വിഭാഗം

| സാമൂഹിക വിഭാഗം | APL | BPL | ആകെ |
|---|---|---|---|
| പട്ടികജാതി | 1 | 16 | 17 |
| പട്ടികവർഗ്ഗം | - | - | - |
| മറ്റുള്ളവ | - | - | - |

## 3.6 ഗുണഭോക്താക്കളുടെ കൈവശഭൂമി

കൈവശഭൂമിയുടെ (ലാൻഡ് ഹോൾഡിങ്ങ്) വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെ 4 സ്ട്രാറ്റങ്ങളായി തിരിച്ചിട്ടുണ്ട്. സ്ട്രാറ്റം I ൽ ഒരു ഏക്കറിനു താഴെ കൈവശ ഭൂമി യുള്ളവരും സ്ട്രാറ്റം II-ൽ 1 മുതൽ 3 ഏക്കറും സ്ട്രാറ്റം III-ൽ 3 മുതൽ 5 ഏക്കറും സ്ട്രാറ്റം IV-ൽ 5 ഏക്കറിനും അതിനു മുകളിലും കൈവശ ഭൂമി ഉള്ളവരും ഉൾപ്പെടുന്നു.

## 3.7 മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാന രീതി

പദ്ധതി പ്രദേശത്ത് പ്രധാനമായും നടത്തിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവർത്തനം പർശ്വഭിത്തി നിർമ്മാണമാണ്. ഈ പദ്ധതിയിൽ ഭൂരിഭാഗം ഗുണഭോക്താക്കൾക്കും പർശ്വഭിത്തി നിർമ്മാണമാണ് നടത്തിയിട്ടുള്ളത്

**പട്ടിക 3.4 : മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാന രീതി (എണ്ണം)**

| പ്രധാന രീതി | സ്ട്രാറ്റം 1 | സ്ട്രാറ്റം 2 | സ്ട്രാറ്റം 3 | സ്ട്രാറ്റം 4 | ആകെ |
|---|---|---|---|---|---|
| കോണ്ടൂർ ബണ്ടിംഗ്(sq.m) | 1 | | | | 1 |
| പാർശ്വഭിത്തി നിർമ്മാണം(m) | 16 | | | | 16 |

## 3.8 ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ സ്ട്രാറ്റം തിരിച്ച്

17 ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ കണക്കാക്കുമ്പോൾ 14 പേരും കർഷികേതര തൊഴിലാളികളാണ്.

**പട്ടിക 3.5 : ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ സ്ട്രാറ്റം തിരിച്ച്**

| പ്രധാന തൊഴിൽ | സ്ട്രാറ്റം 1 | സ്ട്രാറ്റം 2 | സ്ട്രാറ്റം 3 | സ്ട്രാറ്റം 4 | ആകെ |
|---|---|---|---|---|---|
| കാർഷികേതരം | 14 | 0 | 0 | 0 | 14 |
| കർഷക തൊഴിലാളി | 1 | 0 | 0 | 0 | 1 |
| കാർഷികേതര തൊഴിലാളി | 1 | 0 | 0 | 0 | 1 |
| മറ്റുള്ളവ | 1 | 0 | 0 | 0 | 1 |

## 3.9 അനുബന്ധ കാർഷിക വരുമാനം

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളിലൂടെ നിർദ്ദിഷ്ട പ്രദേശത്തെ ഗുണഭോക്തക്കളുടെ അനുബന്ധ കാർഷിക വരുമാനം മെച്ചപ്പട്ടതായി മനസ്സിലാക്കാം. പട്ടിക ചുവടെ ചേർക്കുന്നു.

## 3.10 അനുബന്ധ തൊഴിൽ

പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളുടെ പ്രധാന തൊഴിലുകൾക്ക് പുറമേ അനുബന്ധ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**3.6 ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ**

| അനുബന്ധ തൊഴിൽ | സ്ട്രാറ്റം 1 | സ്ട്രാറ്റം 2 | സ്ട്രാറ്റം 3 | സ്ട്രാറ്റം 4 | ആകെ |
|---|---|---|---|---|---|
| അനുബന്ധ തൊഴിൽ ഇല്ല | 13 | | | | 13 |
| കൃഷി | 1 | | | | 1 |
| ആട് | 1 | | | | 1 |
| പശു | 4 | | | | 4 |
| കോഴി | 4 | | | | 4 |
| കോഴി,പശു | 4 | | | | 4 |
| കൃഷി,പശു,കോഴി | 1 | | | | 1 |
| പശു,കോഴി,ആട് | 1 | | | | 1 |

## 3.11 പദ്ധതി പ്രദേശത്തെ മണ്ണ് സംരക്ഷണ പ്രവർത്തിയുടെ വിവരങ്ങൾ

ശാസ്താംപൊയ്ക, ഇടയം – തെങ്ങറക്കോണം നീർത്തട സംരക്ഷണ പദ്ധതി നെടുമ്പന, വാളകം എന്നീ പഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചാണ് പൂർത്തികരിച്ചത്. പദ്ധതി പ്രദേശത്ത് നടത്തിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിസ്തൃതി ഉൾപ്പെടുന്ന പട്ടിക ചുവടെ ചേർക്കുന്നു.

**3.7മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കിയ പ്രധാന പ്രവർത്തി**

| പ്രധാനരീതി | വിസ്തൃതി ( നീളം/എണ്ണം/ച .മീറ്റർ) | | | | | |
|---|---|---|---|---|---|---|
| | RIDF | പഞ്ചായത്ത് | MGNREGS | സ്വന്തം നിലയിൽ | മറ്റുള്ളവ | ആകെ |
| കോണ്ടൂർ ബണ്ടിംഗ്(sq.m) | | 12.52 | | | | 12.52 |
| പാർശ്വഭിത്തി നിർമ്മാണം(m) | | 364.2 | | | | 364.2 |

## 3.12 പദ്ധതി പ്രദേശത്ത് നടന്ന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ചെലവ്

പദ്ധതി പ്രദേശത്ത് നടന്ന പ്രവർത്തനങ്ങൾ പ്രധാനമായും പാർശ്വഭിത്തി നിർമ്മാണവും കൊണ്ടൂർ ബണ്ടിങ്ങും ആണ് അതിനായി ജില്ലാ പഞ്ചായത്ത് വഴി ചെലവാക്കിയ തുക ചുവടെ പട്ടികയിൽ ചേർക്കുന്നു.

**3.8 മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ചെലവ്**

| പ്രധാനരീതി | (ചെലവ് രൂപയിൽ) | | | | | |
|---|---|---|---|---|---|---|
| | RIDF | പഞ്ചായത്ത് | MGNREGS | സ്വന്തം നിലയിൽ | മറ്റുള്ളവ | ആകെ |
| കോണ്ടൂർ ബണ്ടിംഗ് (sq.m) | | 80150 | | | | 80150 |
| പാർശ്വഭിത്തി നിർമ്മാണം (m) | | 2094360 | | | | 2094360 |

## 3.13 ഭൂവിനിയോഗരീതി

പദ്ധതി പ്രദേശത്തെ ഭൂവിനിയോഗരീതിയെ കുറിച്ച് പഠനം നടത്തിയതിൽ 104.5 സെന്റ് കൃഷി ചെയ്യുന്ന ഭൂമിയും 73.5 സെന്റ് കൃഷി ചെയ്യാത്ത ഭൂമിയുമുണ്ടെന്ന് കണ്ടെത്തി.

**3.9 ഭൂവിനിയോഗ രീതി**

| ഭൂവിനിയോഗ രീതി | പദ്ധതിക്ക മുൻപ് | പദ്ധതിക്ക ശേഷം |
|---|---|---|
| | വിസ്തൃതി(സെന്റിൽ) | വിസ്തൃതി(സെന്റിൽ) |
| കൃഷിചെയ്യുന്ന സ്ഥലം | 104.5 | 104.5 |
| കൃഷി ചെയ്യാത്ത സ്ഥലം | 73.5 | 73.5 |
| കൃഷിക്ക് ഉപയുക്തമല്ലാത്തത് | 0 | 0 |
| ആകെ | 178 | 178 |

## 3.14 ജലസേചനസ്ഥിതി

പദ്ധതി പ്രദേശത്തെ ആകെ കൃഷിഭൂമിയിൽ 11.5 സെന്റ് ഭൂമി മാത്രമാണ് ജലസേചനമുള്ളത് ബാക്കിയുള്ള 92.5 സെന്റ് ഭൂമിയും ജലസേചനമില്ലാത്തതാണ്. പദ്ധതി പ്രദേശത്തെ പ്രധാന ജലസേചന മാർഗ്ഗം കിണർ ആണ്.

**3.10 ജലസേചനസ്ഥിതി**

| ജലസേചനസ്ഥിതി | പദ്ധതിക്കു മുൻപ് | പദ്ധതിക്കു ശേഷം |
|---|---|---|
| | വിസ്തൃതി(സെന്റിൽ) | വിസ്തൃതി(സെന്റിൽ) |
| ജലസേചനമുള്ളത് | 11.5 | 11.5 |
| ജലസേചനമില്ലാത്തത് | 92.5 | 92.5 |
| ആകെ ഭൂമി | 104 | 104 |
| ജലസേചനമാർഗ്ഗം | എണ്ണം | എണ്ണം |
| കിണർ | 17 | 17 |

## 3.15 പ്രധാന വിളകൾ

വിള എന്നാൽ ഭക്ഷണം, വസ്ത്രം അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കായി മനുഷ്യർ വൻതോതിൽ കൃഷി ചെയ്ത് പരിപാലിക്കുന്ന സസ്യങ്ങളെയാണ് പറയുന്നത്. ലളിതമായി പറഞ്ഞാൽ, ഒരു വലിയ പ്രദേശത്ത് ഒരോ തരത്തിലുള്ള സസ്യങ്ങൾ വ്യവസായ അടിസ്ഥാനത്തിലോ ഉപജീവനത്തിനയോ വളർത്തിയെടുക്കുന്നതിനെയാണ് വിള എന്നു വിളിക്കുന്നത്. ഭക്ഷണവിളകൾ, നാണ്യവിളകൾ, നാര് വിളകൾ, എണ്ണക്കുരുക്കൾ എന്നിങ്ങനെ വിളകളെ വർഗ്ഗീകരിച്ചിട്ടുണ്ട്. വിളവെടുക്കാൻ എടുക്കുന്ന കാലയളവിന്റെ അടിസ്ഥാനത്തിൽ വിളകളെ ഹ്രസ്വകാലവിളകൾ ദീർഘകാല വിളകൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളുടെ ഹ്രസ്വകാലവിളകളെയും ദീർഘകാലവിളകളെയും പറ്റി മനസ്സിലാക്കാം.

### 3.15.1 ഹ്രസ്വകാല വിളകൾ

കുറഞ്ഞ സമയത്തിനുള്ളിൽ (സാധാരണയായി 3 മുതൽ 4 മാസം വരെ അല്ലെങ്കിൽ ഒരു വർഷത്തിൽ താഴെ) വളർച്ച പൂർത്തിയാക്കി വിളവ് തരുന്ന സസ്യങ്ങളെയാണ് ഹ്രസ്വകാലവിളകൾ എന്ന് പറയുന്നത്. ഇവയ്ക്ക് കുറഞ്ഞ പരിചരണവും വളർച്ചാ കാലയളവും മതിയാകും



പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളുടെ ഹ്രസ്വകാല വിളകളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

**3.11 വിളവിസ്തൃതി**

| ഹ്രസ്വകാലവിളകൾ | പദ്ധതിക്ക മുൻപ് | പദ്ധതിക്ക ശേഷം |
|---|---|---|
| | വിസ്തൃതി(സെന്റിൽ) | വിസ്തൃതി(സെന്റിൽ) |
| ഇഞ്ചി | 2.75 | 2.75 |
| കോവക്ക | 1 | 1 |
| ചീര | 0.75 | 0.75 |
| ചേന | 1 | 1 |
| ചേമ്പ് | 1 | 1 |
| പച്ചക്കറികൾ | 3.75 | 3.75 |
| പച്ചമുളക് | 0.25 | 0.25 |
| പൈനാപ്പിൾ | 0.25 | 0.25 |
| മഞ്ഞൾ | 2.75 | 2.75 |
| മരച്ചീനി | 4 | 4 |
| വഴുതന | 0.25 | 0.25 |
| വാഴ (കുഴികളുടെ എണ്ണം) | 11 | 16 |

## 3.15.2 ദീർഘകാല വിളകൾ

വളർച്ച പൂർത്തിയാക്കാനും വിളവ് തരാനും ഒരു വർഷത്തിൽ കൂടുതൽ (പലപ്പോഴും വർഷങ്ങളോളം) സമയമെടുക്കുന്ന സസ്യങ്ങളെയാണ് ദീർഘകാലവിളകൾ എന്ന് പറയുന്നത്. ഹ്രസ്വകാല വിളകളെ അപേക്ഷിച്ച് ഇവയ്ക്ക് കൂടുതൽ പരിചരണവും സമയവും ആവശ്യമാണ്.

പദ്ധതി പ്രദേശത്തെ ദീർഘകാല വിളകളിൽ തെങ്ങ്, കമുക്, കുരുമുളക്, പപ്പായ, പ്ലാവ് മുരിങ്ങ തുടങ്ങിയ വിളകളിൽ ഉൽപാദനക്ഷമത വർദ്ധിച്ചതായും കൂടുതൽ മരങ്ങൾ കായ്ച്ചു തുടങ്ങിയതായും കാണാം. ദീർഘകാല വിളകളുടെ ഉൽപാദനക്ഷമതയെയും കൃഷി വിസ്തൃതിയെയും പദ്ധതി നല്ലരീതിയിൽ സ്വാധീനിച്ചിട്ടുള്ളതായി മനസ്സിലാക്കാം.



### 3.12 വിളവിസ്തൃതി (എണ്ണം/വിസ്തൃതി)

| ദീർഘകാലവിളകൾ | പദ്ധതിക്കുമുൻപ് | | പദ്ധതിക്കുശേഷം | |
|---|---|---|---|---|
| | കായ്ക്കുന്നത് | കായ്ക്കാത്തത് | കായ്ക്കുന്നത് | കായ്ക്കാത്തത് |
| ആഞ്ഞിലി (സെന്റിൽ) | 0 | 5 | 0 | 5 |
| കമുക് (എണ്ണം) | 2 | 25 | 11 | 16 |
| കശുമാവ് (എണ്ണം) | 1 | 0 | 1 | 0 |
| കുരുമുളക് (എണ്ണം) | 6 | 7 | 12 | 1 |
| തെങ്ങ് (എണ്ണം) | 12 | 16 | 17 | 11 |
| തേക്ക് (സെന്റിൽ) | 0 | 0 | 0 | 0 |
| നെല്ലി | 0 | 1 | 0 | 1 |
| പപ്പായ (എണ്ണം) | 7 | 13 | 19 | 1 |
| പുളി (എണ്ണം) | 1 | 0 | 1 | 0 |
| പ്ലാവ് (എണ്ണം) | 5 | 4 | 6 | 3 |
| മഹാഗണി (സെന്റിൽ) | 0 | 1 | 0 | 1 |
| മാവ് (എണ്ണം) | 3 | 5 | 3 | 5 |
| മുരിങ്ങ (എണ്ണം) | 8 | 10 | 16 | 2 |
| റബ്ബർ (സെന്റിൽ) | 16 | 0 | 16 | 0 |

## 3.16 ഉൽപാദനം

പദ്ധതി നടപ്പിലാക്കിയതിലൂടെ പദ്ധതി പ്രദേശത്ത് കാർഷിക മേഖലയിൽ ഒരു ഉണർവ് വന്നതായി കാണാൻ കഴിഞ്ഞു. പ്രധാനമായും ദീർഘകാല വിളകളുടെ ഉൽപാദനത്തിൽ പദ്ധതി വളരെയധികം സ്വാധീനം ചെലുത്തിയതായി ഗുണഭോക്താക്കളിൽ നിന്ന് ശേഖരിച്ച വിവരങ്ങളിൽ നിന്ന് നമ്മുക്ക് മനസ്സിലാക്കാം. അടയ്ക്ക, തേങ്ങ, പച്ചക്കറികൾ റബ്ബർ, വാഴപ്പഴം തുടങ്ങിയ വിളകളുടെ ഉൽപാദനം ഗണ്യമായി വർദ്ധിച്ചതായി കാണാം. പദ്ധതി പ്രദേത്ത് കൃഷി ചെയ്തിരുന്ന എല്ലാ വിളകളുടെയും ഉൽപാദനത്തിൽ വന്ന മാറ്റം ചുവടെ ചേർക്കുന്നു.

**3.13 വിളവിസ്തൃതി (എണ്ണം/വിസ്തൃതി)**

| ഹ്രസ്വകാലവിളകൾ/ ദീർഘകാലവിളകൾ | പദ്ധതിക്കുമുൻപ് | പദ്ധതിക്കുശേഷം |
|---|---|---|
| | അളവ് | അളവ് |
| അടയ്ക്ക (എണ്ണം) | 347 | 558 |
| ഇഞ്ചി (കി.ഗ്രാം) | 54.4 | 66.3 |
| കശുവണ്ടി (കി.ഗ്രാം) | 23 | 27 |
| കുരുമുളക് (കി.ഗ്രാം) | 16.1 | 21.7 |
| കോവക്ക (കി.ഗ്രാം) | 20.6 | 33.9 |
| ചക്ക (കി.ഗ്രാം) | 540 | 710 |
| ചീര (കി.ഗ്രാം) | 6.1 | 7.6 |
| ചേന (കി.ഗ്രാം) | 28.4 | 31.2 |
| ചേമ്പ് (കി.ഗ്രാം) | 15.2 | 19.3 |
| തേങ്ങ (എണ്ണം) | 364 | 630 |
| പച്ചക്കറികൾ (കി.ഗ്രാം) | 34.8 | 48.5 |
| പച്ചമുളക് (കി.ഗ്രാം) | 11.15 | 19.02 |
| പപ്പായ (കി.ഗ്രാം) | 237 | 342 |
| പുളി (കി.ഗ്രാം) | 8 | 12 |
| പൈനാപ്പിൾ (കി.ഗ്രാം) | 21 | 28 |
| മഞ്ഞൾ (കി.ഗ്രാം) | 65.2 | 78.5 |
| മരച്ചീനി (കി.ഗ്രാം) | 316 | 363 |
| മാങ്ങ (കി.ഗ്രാം) | 170 | 196 |
| മുരിങ്ങക്കായ (കി.ഗ്രാം) | 76.5 | 117.5 |
| റബ്ബർ (കി.ഗ്രാം) | 125 | 150 |
| വഴുതന (കി.ഗ്രാം) | 31.7 | 49.3 |
| വാഴപ്പഴം (കി.ഗ്രാം) | 298.6 | 364.7 |
| വെണ്ട (കി.ഗ്രാം) | 2 | 16.2 |

*ഉൽപാദനം(എണ്ണം/കി.ഗ്രാം)*

## 3.17 പരിപാലനം

പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ എല്ലാവരും പദ്ധതിയുടെ നിലവിലെ അവസ്ഥ തൃപ്തികരമാണെന്ന് അഭിപ്രായപ്പെട്ടു. 17 പേരിൽ ഭൂരിഭാഗം പേരും തുടർപരിപാലനമൊന്നും തന്നെ നടത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതക്കുറവാണ് അതിന്റെ പ്രധാന കാരണമായി അവർ ചൂണ്ടിക്കാണിച്ചത്.

## 3.18 മണ്ണിന്റെ ഫലഭൂയിഷ്ഠത

പദ്ധതി നടപ്പിലാക്കിയതിലൂടെ പ്രദേശത്തെ മണ്ണിന്റെ ഫലഭൂയിഷ്ഠത മെച്ചപ്പെട്ടതായി 76 ശതമാനത്തിൽപരം ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടു.

## 3.19 പദ്ധതിയെക്കുറിച്ചുള്ള ഗുണഭോക്താവിന്റെ അഭിപ്രായം

പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരും കാര്യക്ഷമമായിരുന്നു എന്ന് അഭിപ്രായപ്പെട്ടപ്പോൾ അത് പദ്ധതിയുടെ വിജയമായി തന്നെ കണക്കാക്കാം.

